"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ഐ.ടി.ഐ കളിലെ പോഷകാഹാര / ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(കൈ) നം.29/2020/തൊഴിൽ** തീയതി,തിരുവനന്തപുരം, 20/05/2020

---

പരാമർശം:- 1) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.06.2019, 07.01.2020 എന്നീ തീയതികളിലെ 4656/ഡി1/2019/KSHO നമ്പർ കത്തുകൾ.

2) ട്രെയിനിംഗ് ഡയറക്ടറുടെ 15.02.2020, 13.03.2020, 27.04.2020 എന്നീ തീയതികളിലെ ഡി.ടി/2669/2019-ഐ2 നമ്പർ കത്തുകൾ.

3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറും തമ്മിൽ 24.04.2020 ൽ നടത്തിയ യോഗത്തിന്റെ മിനിട്സ്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൽ നിലവിൽ പോഷകാഹാര പദ്ധതി / ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് ഐ.ടി.ഐകൾ സ്വന്തം നിലയിൽ ക്വട്ടേഷൻ ക്ഷണിക്കുകയും പോഷകാഹാര പദ്ധതി നടത്തിപ്പിന്റെ അനുമതി ഐ.ടി.ഐ തലത്തിൽ നൽകുകയും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനുള്ള അനുമതി പ്രിൻസിപ്പാളിന്റെ ശുപാർശ പ്രകാരം വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റ് തലത്തിലുമാണ് നൽകി വന്നിരുന്നത്. എന്നാൽ, ഇത്തരത്തിൽ ടി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പലതരം പരാതികൾ ഉയരുകയും ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുള്ള പല ഐ.ടി.ഐ കളിലും സമയബന്ധിതമായി ടി പദ്ധതി നടപ്പിലാക്കാൻ തടസ്സം നേരിടുകയും ചെയ്യുന്നതായി പരാമർശം - 2 ലെ കത്തുകൾ മുഖേന ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒപ്പം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് 2020-21 സാമ്പത്തിക വർഷം മുതൽ ഒറ്റ ഏജൻസി അതായത് കുടുംബശ്രീ മിഷൻ മുഖേന മാത്രമാക്കുന്നതിന് അനുമതി നൽകണമെന്ന് ടി കത്തുകൾ മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കുടുംബശ്രീയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പോഷകാഹാര പദ്ധതി നടത്തിപ്പിന് ഒരു ട്രെയിനിക്ക് 15/- രൂപയും ഉച്ചഭക്ഷണ നടത്തിപ്പിനായി 500 - ൽ കുറവ് ട്രെയിനികളുള്ള ഐ.ടി.ഐ കളിൽ ഒരാഴ്ച ഒരു ട്രെയിനിക്ക് 340/- രൂപയും 500 - ൽ കൂടുതൽ ട്രെയിനികളുള്ള ഐ.ടി.ഐ കളിൽ ഒരാഴ്ച ഒരു ട്രെയിനിക്ക് 325/- രൂപയും നിരക്കിൽ നൽകുന്നതിനാണ് കുടുംബശ്രീ സമ്മതം അറിയിച്ചിരിക്കുന്നത് എന്നും ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പിന്റെ പരിധിയിലുള്ള ഐ.ടി.ഐകളിലെ പോഷകാഹാര പദ്ധതി / ഉച്ചഭക്ഷണ പദ്ധതി കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒപ്പം പോഷകാഹാര പദ്ധതി നടത്തിപ്പിന് ഒരു ട്രെയിനിക്ക് 15/- രൂപ എന്ന കുടുംബശ്രീയുടെ നിരക്കും ഉച്ചഭക്ഷണ നടത്തിപ്പിനായി 500 ൽ കുറവ് ട്രെയിനികളുള്ള ഐ.ടി.ഐ കളിൽ ഒരാഴ്ച ഒരു ട്രെയിനിക്ക് 340/- രൂപ, 500 ൽ കൂടുതൽ ട്രെയിനികളുള്ള ഐ.ടി.ഐ കളിൽ ഒരാഴ്ച ഒരു ട്രെയിനിക്ക് 325/- രൂപ എന്ന കുടുംബശ്രീയുടെ നിരക്കുകളും അംഗീകരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിഷ എസ്**

**അഡിഷണൽ സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by BINDUMOL THOMAS
Date: 2020.05.22 10:45:49 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.